I/82919/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി . IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ്-ഐസിഡിഎസ്– കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത് – "പോഷകബാല്യം പദ്ധതി' - **അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ വിതരണം**–രണ്ടാം ഘട്ട തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. സ. ഉ(സാധാ)നം. 289/2022/വ.ശി.വി.വ, തീയതി.30/06/2022
2. ഈ കാര്യാലയത്തിലെ 19.07.2022 ലെ ഇതേ നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 29.07.2022 ലെ ഇതേ നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 27.11.2022 ലെ ഇതേ നമ്പർ ഉത്തരവ്
5. ഈ കാര്യാലയത്തിലെ 02.12.2022 ലെ DWCD/1047/2022-ICDSB3 നമ്പർ സർക്കുലർ.

**ഉത്തരവ് നം. DWCD/1047/2022-ICDSB3 തീയതി: 23-02-2023**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും , കുട്ടികളിലെ വളർച്ച മുരടിക്കൽ , ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും , സുസ്ഥിര വികസന ലക്ഷ്യമായ ' നോ ഹംഗർ ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും , രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6150.00 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടികളിൽ 'മിൽമ' പാൽ വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 'മിൽമ' പാൽ എത്തിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ, പ്രാദേശിക ക്ഷീര സൊസൈറ്റി, കുടുംബശ്രീ, ക്ഷീരകർഷകർ വഴി പാൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലിറ്റർ പാലിന് 50/- രൂപ കണക്കാക്കി, ഒരു കുട്ടിയ്ക്ക് ഒരു ദിവസം 125ml പാൽ, ആഴ്ചയിൽ രണ്ട് ദിവസം വീതം 44 ആഴ്ച (10 മാസം) നൽകുന്നതിന് ആവശ്യമായ. 31,50,00,000രൂപ (മുപ്പത്തി ഒന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം ) 2022-23 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6150.00 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ പരാമർശം (3),(4) എന്നിവ പ്രകാരം 9,43,94,289/- രൂപ അനുവദിച്ചിരുന്നു.

പരാമർശം (5) പ്രകാരം പാലിന്റെ വില 56/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഗഡുവായി ആവശ്യമായി വരുന്ന ഫണ്ടിന്റെ വിശദാംശം ശേഖരിച്ചതിൽ അങ്കണവാടികളിൽ മൂന്ന് മാസത്തേയ്ക്ക് പാൽ വിതരണം നടത്തുന്നതിന് ആകെ 5,00,88,500/- രൂപ ആവശ്യമുള്ളതായി പ്രോഗ്രാം ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാൽ വിതരണത്തിനാവശ്യമായ **5,00,88,500/-** രൂപ (അഞ്ചു കോടി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക ആലോട്ടുമെന്റായി ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. (ലിസ്റ്റ് ചുവടെ ചേർക്കുന്നു).

I/82919/2023

| No | ജില്ല | അനുവദിക്കുന്ന ഫണ്ട് |
|---|---|---|
| 1 | തിരുവനന്തപുരം | 5656800 |
| 2 | കൊല്ലം | 3596000 |
| 3 | പത്തനംതിട്ട | 1813900 |
| 4 | ആലപ്പുഴ | 3774200 |
| 5 | കോട്ടയം | 3033350 |
| 6 | ഇടുക്കി | 1653900 |
| 7 | എറണാകുളം | 3183550 |
| 8 | തൃശ്ശൂർ | 3295400 |
| 9 | പാലക്കാട് | 3663600 |
| 10 | മലപ്പുറം | 6610800 |
| 11 | വയനാട് | 919100 |
| 12 | കോഴിക്കോട് | 5476800 |
| 13 | കണ്ണൂർ | 3984600 |
| 14 | കാസറഗോഡ് | 3426500 |
| TOTAL | | 5,00,88,500 |
| അഞ്ചു കോടി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ മാത്രം | | |

അതത് മാസം ശിശു വികസന പദ്ധതി ഓഫീസർമാർ പാൽ വിതരണം ചെയ്തതിന് ശേഷം, അടുത്ത മാസത്തെ റിക്വയർമെന്റ് ജില്ലാ വനിത ശിശുവികിസന ഓഫീസർക്ക് നൽകേണ്ടതും ജില്ല ഓഫീസർമാർ ആവശ്യമായ തുക ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതുമാണ്.

ഇതിലേക്ക് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

ഇപ്രകാരം അനുവദിച്ച തുക ബന്ധപ്പെട്ട വിതരണ ഏജൻസിയ്ക്ക് കൈമാറിയതിന്റെ വിശദമായ വിവരം , യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം സിഡിപിഒമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും , പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് 2022 മാർച്ച് 25 ന് മുൻപായി ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്: 1. സൂപ്രണ്ട്, എ സെക്ഷൻ,

2. പ്ലാനിംഗ് സെക്ഷൻ

3. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്

4. സ്റ്റോക്ക് ഫയൽ / സ്പെയർ

**Signed by Priyanka G**
**Date: 23-02-2023 17:28:52**